# സർഗ്ഗം.............2020



# G T H S S EDATHANA

## ആശംസകൾ

ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ സഹായത്താൽ ജി.റ്റി.എച്ച്.എസ്.എസ്. എടത്തനയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

പ്രിൻസിപ്പാൾ,

ജോസ് മാത്യു

## ആശംസകൾ

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതികവിദ്യയുടെ വിസ്മയ ലോകത്തേക്കും അതിലധിഷ്ഠിതമായ പുത്തൻ പഠനാനുഭവങ്ങളിലേക്കും നയിക്കുന്ന ലിറ്റിൽ കൈറ്റ്സിൻെറ ജി.റ്റി.എച്ച്.എസ്.എസ്.എടത്തന യൂണിറ്റിൻെറ സർഗ്ഗം മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ,
ലോഹിതാക്ഷൻ

# മാഗസിന് പിന്നിൽ

ശ്രുതിലയ കെ എസ് (സ്റ്റുഡൻറ് എഡിറ്റർ)

അനീറ്റ സി കെ

അനഘ എം സെബാസ്റ്റ്യൻ

ഹരിപ്രിയ പി എച്ച്

ജിനേഷ് പി എസ്

ആൽബിൻ പ്രതീഷ്

അശ്വിൻ കെ കെ

## ശാസ്ത്രമേളയിലൂടെ.........









## <u>കലോത്സവം</u>







ഓണാഘോഷം....................







സ്പോർട്സ്







# പൂർവ്വജന്മം

ഇന്നെൻ പാട്ടിന് താളമില്ല ശ്രുതിയില്ല ലയമില്ല
ഈണമില്ല,എവിടെൻ മധുരമനോഹര ഗീതം.........
എവിടെ സ്നേഹനിബിഡമാം രാഗം.........
മർത്യ കവർന്നു  നീ എന്നുടെ ജീവൻ.....

ഓർക്കുന്നു ഞാനാ പഴയകാലം
സ്നേഹം നിറഞ്ഞൊരു നല്ല കാലം..........
മരവും മനുഷ്യനും പൂവും പുഴകളും
ഒത്തുചേർന്നുള്ളൊരാ നല്ലക്കാലം........

ഇന്നെൻ പാട്ടോ മൃതിയടഞ്ഞൊരു വീണപോൽ
തേങ്ങിടുന്നു,എന്തിനു മർത്യ നീ  കവർന്നെന്നുടെ
ജീവരാഗം,കേഴുന്നു മർത്യ നൽകുമോ വീണ്ടുമെൻ
പാട്ടിൻ ജീവൻ...................

ഇന്നെൻ പാട്ടിനോ ജീവനില്ല.........
ഇന്നെൻ പാട്ടിനോ താളമില്ല........
നൽകുമോ     വീണ്ടുമെൻ ജീവരാഗം.....
നൽകുമോ വീണ്ടുമെൻ പൂർവ്വജന്മം.........

അനഘ.എം.സെബാസ്റ്റ്യൻ
9 തരം

**എന്റെ പഠിപ്പുര**

എന്റെ വിദ്യാലയം
എന്നിൽ ചൊരിഞ്ഞത്
അക്ഷരം കൊണ്ടുള്ള
സ്നേഹമാണ്.

വിദ്യകൾ തന്നും
അറിവുകൾതന്നും
പഠിപ്പിച്ചതാണെന്റെ
ഗുരുനാഥൻ
തെറ്റുകൾ തിരുത്തിയും
നല്ലതേതാണെന്നും
കാണിച്ച തന്നതാണെന്റെ
വിദ്യാലയം.

ഗുരുനാഥൻ എന്ന വാക്ക്
ചെറുതല്ലയെന്നും

ലോകം വന്ദിക്കുന്ന

നാമമാണ്

അറിവിൻെറ ജാലകം

ആദ്യമായ് കാണിച്ച

അറിവിൻെറ വിളക്കാണ്

വിദ്യാലയം

സ്നേഹങ്ങൾ തന്നും

തണലുകൾ തന്നും

മാററിമറിച്ചതാണെൻെറ

ജീവിതം

വിദ്യാലയത്തിൻ മരങ്ങളിൽ

നിന്ന് സ്നേഹം

ചൊരിഞ്ഞതാണെൻെറ ഗുരുനാഥൻ

അറിവിനുവേണ്ടി വിശക്കുന്ന

കുരുന്നു മനസ്സുകൾക്ക്

അന്നം നൽകിയതാണെൻെറ

ആ ഗുരുനാഥൻ

# വിളവെടുപ്പ്






# ഇന്നെനിക്ക്

ഭാരതം എൻെറയുള്ളിൽ അമ്മയോളം സ്ഥാനം നൽകിയിരുന്ന ഒന്ന്.പറഞ്ഞറിയിക്കാൻ കഴിയാത്തൊരു തരം അനുഭൂതിയായിരുന്നു ഇന്നലെവരെ എനിക്ക് എൻെറ ഇന്ത്യ. എന്നാൽ ഇന്ന് ഭാരതത്തിൽ സ്ത്രീകൾക്ക് രാത്രി അസമയമാണ്.നിർ
ഭയത്തോടും രാത്രി നിരത്തിലെറങ്ങാൻ എത്രയൊക്കെ സുരക്ഷയുണ്ടെന്ന് പറഞ്ഞാലും അറയ്ക്കുന്ന ഒരു സ്ത്രീ സമൂഹം
രൂപപ്പെട്ടിരിക്കുന്നു. പകൽ മുഴവുവൻ സ്ത്രീയെന്ന് കേൾക്കു

**മ്പോൾ അമ്മ,സഹോദരി,മകൾ പക്ഷേ നിശയുടെ നിലാവത്ത് അവൻ ആട്ടിൻത്തോലിട്ട ചെന്നായയാണ്.അ**

വൻെറ ഭ്രാന്തമായ വികാരങ്ങൾക്കിരയാക്കി കടലിലും കായലിലും തള്ളപ്പെടുന്ന ഓരോ പെൺക്കുട്ടിയും പകലിലെ
സംസാരത്തിലെ അമ്മയോ,സഹോദരിയോ, ആയിരുന്നേക്കാം.അധികാര വർഗ്ഗത്തിൻെറ കണ്ണുനനയ്ക്കുന്ന

ക്രൂരതയ്ക്കിരയാണ് ഇവരെല്ലാം. ഇന്നെനിക്ക് ഭാരതം എന്നുകേൾക്കുമ്പോൾ ആട്ടിൻ തോലിട്ട ഇത്തരം ചെന്നായകളുടെ അന്ത്യമാഗ്രഹിക്കുന്ന ചോരയാണെന്നിൽ തിളയ്ക്കുന്നത്. സധൈര്യം ഞാൻ പറയുന്നു. സ്ത്രീയെ ആക്രമിക്കാത്ത ദിനരാത്രങ്ങൾ വരാതെഇന്ത്യയെ ചൊല്ലി അഭിമാനിക്കാൻ നമുക്കർഹതയില്ല.......................

ശ്രുതിലയ കെ എസ്,